പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 787 14-10-2026-ൽ മറുപടിയ്ക്ക്

നെടുമങ്ങാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. ആർ. അനിൽ ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മാതാവീട്, ചെട്ടിയാർമുക്ക്, മാഞ്ഞാംകോട് IHDP, ചാമവിള ഗ്രാമം, മാവുവിള, അഞ്ചക്കർ തോപ്പിനകം എന്നീ ആറ് ഉന്നതികളുടെ നിലവിലെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം എത്രയായെന്ന് വ്യക്തമാക്കുമോ;

മറുപടി: 1)പേരുമല ചെട്ടിയാർമുക്ക്

പേരുമല ചെട്ടിയാർമുക്ക് അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ മൂന്ന് ചെറിയ ഇടറോഡുകളുടെ കോൺക്രീറ്റ് വർക്കുകൾ പൂർത്തിയായി. നെല്ലിപ്പാറ-പുളിഞ്ചി റോഡിൻറെ പണികൾ നടന്നു വരുന്നു. മെയിന്റ്നൻസ് ആവശ്യമായ നാലു വീടുകളിൽ ഒരെണ്ണം പൂർത്തിയായി. മറ്റുള്ള വീടുകളുടെ പണികൾ നടന്നു വരുന്നു. ടി വർക്കുകളുടെ പാർട്ട് ബില്ല് പ്രകാരമുള്ള തുക നിർവഹണ ഏജൻസിയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

2)**ചാമവിള**

മെയിന്റ്നൻസ് ആവശ്യമായ പതിനഞ്ച് വീടുകളിൽ ആറു വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. മറ്റുള്ള വീടുകളുടെ പണികൾ നടന്നു വരുന്നു. LSGD സമർപ്പിച്ച ഒന്നാം പാർട്ട് ബില്ല് പ്രകാരമുള്ള തുക നിർവഹണ ഏജൻസിയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. രണ്ടാം പാർട്ട് ബിൽ പ്രകാരമുള്ള തുക അനുവദിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

3)മാതാവീട്

2 വീടുകളുടെ മെയിന്റ്റനൻസ് പൂർത്തിയായി. റോഡ് കോൺക്രീറ്റ് പൂർത്തിയായി. തർക്കം ഉണ്ടായിരുന്ന ഭാഗത്തെ ഒഴികെ ബാക്കി സംരക്ഷണ ഭിത്തി നിർമ്മാണം പൂർത്തിയായി. ആകെ 23,69,509/-രൂപയുടെ പ്രവർത്തി പൂർത്തിയായിട്ടുണ്ട്.

4) **മാഞ്ഞാംകോട്**

4 വീടുകളുടെ മെയിന്റ്റ്നൻസ് പൂർത്തിയായി side wall & earth filling for new concrete road എന്നീ പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. ആകെ 29,71,889/-രൂപയുടെ പ്രവർത്തി പൂർത്തിയായിട്ടുണ്ട്.

5) അഞ്ചക്കർ തോഷിനകം:

അഞ്ചേക്കർ തോപ്പിനകം പദ്ധതിയുടെ എസ്റ്റിമേറ്റ് ന്യൂനത പരിഹരിച്ച് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

6.**മാവുവിള**

എസ്റ്റിമേറ്റിൽ ടെക്നിക്കൽ കമ്മിറ്റി പരിശോധനയിൽ ന്യൂനത കണ്ടെത്തിയിരുന്നു. ആയത് പരിഹരിച്ച് ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾക്ക് ആവശ്യത്തിന് ഫണ്ട് സമയബന്ധിതമായി ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫണ്ട് ലഭ്യത ഉറപ്പുവരുത്തി നിർമ്മാണ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

മറുപടി: പദ്ധതിയുടെ പ്രവർത്തന പുരോഗതിക്ക് അനുസൃതമായി ഫണ്ട് അനുവദിക്കാറുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മാവുവിള,അഞ്ചേക്കർ തോപ്പിനകം ഉൾപ്പെടെയുള്ള ഗ്രാമങ്ങളിൽ ഏതൊക്കെ പ്രവർത്തികൾക്കാണ് ഇനിയും ഭരണാനുമതി/സാങ്കേതികാനുമതി ലഭിക്കാനുള്ളതെന്നും ഏതെല്ലാം പ്രവർത്തികളാണ് ടെൻഡർ നടപടികളിലേക്ക് കടക്കാനുള്ളതെന്നും ആയതിന്റെ നിർവ്വഹണ ഏജൻസികളെ സംബന്ധിച്ചും വ്യക്തമാക്കുമോ;

മറുപടി: മാവുവിള-ഭരണാനുമതി ലഭിക്കാനുണ്ട്. ലഭ്യമായ എസ്റ്റിമേറ്റിൽ ടെക്നിക്കൽ കമ്മിറ്റി പരിശോധനയിൽ ന്യൂനത കണ്ടെത്തിയിരുന്നു. ആയത് പരിഹരിച്ച് ലഭ്യമായിട്ടുണ്ട്. നിർവ്വഹണ ഏജൻസി-LSGD കരകുളം ഗ്രാമ പഞ്ചായത്ത്

അഞ്ചേക്കർ തോപ്പിനകം പദ്ധതി: ഡ്രൈനേജ് സംവിധാനം ഒരുക്കുന്നതിന് ഭരണാനുമതി ലഭിക്കാനുണ്ട്. നിർവ്വഹണ ഏജൻസി - LSGD അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്ത്

(ഡി) പദ്ധതിയിൽ ഉൾപ്പെട്ട പല ഉന്നതികളിലും പ്രവൃത്തികൾ പൂർണ്ണമായി ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും നേരിടുന്ന തടസ്സങ്ങളും വൈകുന്നതിനുള്ള കാരണങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

മറുപടി: മാതാവിട് : സംരക്ഷണ ഭിത്തി നിർമ്മാണം അതിർത്തി തർക്കം മൂലം വൈകിയിട്ടുണ്ട്. പൂർത്തീകരിക്കാൻ ശേഷിക്കുന്ന സംരക്ഷണഭിത്തി പ്രദേശത്തെ ജന പ്രതിനിധികളുടെ സഹായത്തോടെ 01/10/2026 തീയതിയിൽ അതിർത്തി മാർക്ക് ചെയ്തിട്ടുണ്ട്.

മാഞ്ഞാംകോട്. 3 മാസത്തിനുള്ളിൽ പണി പൂർത്തിയാക്കാം എന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

അഞ്ചേക്കർ തോപ്പിനകം: എസ്റ്റിമേറ്റ് ന്യൂനത പരിഹരിച്ച് ഇതുവരെ ലഭ്യമായിട്ടില്ല.

(ഇ) നെടുമങ്ങാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെട്ട എല്ലാ പ്രവർത്തികളും നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തീകരിച്ച് നൽകുന്നതിനായി എന്തൊക്കെ പ്രത്യേക നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മറുപടി: മാതാവിട് അതിർത്തി തർക്കം മൂലം പൂർത്തീകരിക്കാൻ ശേഷിക്കുന്ന സംരക്ഷണ ഭിത്തി പ്രദേശത്തെ ജന പ്രതിനിധികളുടെ സഹായത്തോടെ 01/10/2026 തീയതിയിൽ അതിർത്തി മാർക്ക് ചെയ്തിട്ടുണ്ട്. രണ്ടാഴ്ചയ്ക്കുള്ളിൽ പണി പുനരാരംഭിക്കാം എന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

മാഞ്ഞാംകോട്: 3 മാസത്തിനുള്ളിൽ പണി പൂർത്തിയാക്കാം എന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

അഞ്ചേക്കർ തോപ്പിനകം: എസ്റ്റിമേറ്റ് ന്യൂനത പരിഹരിച്ച് ലഭ്യമാകുന്ന മുറക്ക് ഭരണാനുമതി നൽകുന്നതാണ്. ഭരണാനുമതി നൽകി ഒരു വർഷത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കാൻ ഏജൻസിക്ക് നിർദ്ദേശം നൽകുന്നതാണ്

സെക്ഷൻ ഓഫീസർ